# കുമാരസംഭവം ( ശൂരതാരക സംഹാരം)

ആരാണിന്ദ്രനു സ്വർഗ്ഗഭോഗസുഖമൊന്നായിട്ടു നൽകീതവൻ

എന്താണിന്ദ്രനു യജ്ഞഭാഗമഖിലം നൽകുന്നതിൻ കാരണം

ഞങ്ങൾക്കാണധികാരമീ സുരപുരം നന്നായ് ഭരിച്ചീടുവാൻ

എന്നാത്താരക ശൂരപത്മ ദനുജന്മാരും നിരൂപിച്ചുടൻ

കൈലാസാദ്രിയെഴുന്നൊരഗ്നിനയനൻ തന്നെ ബ്ഭജിച്ചഞ്ജസാ.

ഇന്ദ്രൻ തന്നെ ജയിച്ചിടാനൊരുവരം നേടാൻ തുനിഞ്ഞായിതേ

(തിരനോക്കിനു ശേഷം താരകനും ശൂരപത്മാവും 'തന്റേടാട്ട'ത്തിനു തിരതാഴ്ത്തി' താളം സൂക്ഷിക്കാതെ…

താരകൻ : ":എനിക്ക് മനസ്സിന് ഒട്ടും സുഖം തോന്നുന്നില്ല,നിനക്കോ""""
ശൂരൻ: "എനിക്കും മനസ്സിനു ഒട്ടും സുഖം തോന്നുന്നില്ല""""
താരകൻ: "എന്താണ് അതിനൊരു കാരണം"
ശൂരൻ: ഇതു കണ്ടില്ലേ ദേവന്മാർ സകലസുഖഭോഗങ്ങളും കയ്യടക്കിവാഴുന്നു"".
താരകൻ: എല്ലാഅപ്സരസ്സുകൾക്കും നാഥൻ അവനാണ്.എല്ലാ യജ്ഞഹവിസ്സും സ്വീകരിക്കുന്നതും അവനാണ്.

ആരങ്ങിൽ നിന്ന് ഇറങ്ങി താഴെ വച്ച സ്റ്റൂളിൽ കയറിനിന്ന് ആകാശത്തേക്ക് സ്വർഗ്ഗത്തിലേക്ക് എന്ന മട്ടിൽ അമ്പയക്കുന്നു. ദേവന്മാർ അയക്കുന്ന അമ്പുകൾ കൊള്ളുന്നതായി നടിക്കുന്നു ഗത്യന്തരമില്ലതെ തോറ്റ് തിരിച്ചു വരുന്നു. അടുത്തത് താരകനെപ്പോലെ ശൂരനും സ്റ്റൂളിൽ കയറി ഇതേ പോലെ യുദ്ധം ചെയ്യുന്നു. തോറ്റു പിൻ വാങ്ങുന്നു.തുടർന്ന് ആട്ടം..".അവർ അമർത്ത്യരും(മരണമില്ലാത്തവരും) നമ്മൾ മർത്ത്യരുമാണ്.(മരണമുള്ളവരും).ഇതിനു നിവാരണമായി എന്തു ചെയ്യും??ആലോചിച്ച് തീരുമാനമാകുന്നതോടെ കാലം ഇടുന്നു..

""ഇല്ല ഇല്ല..ഇത് അനുവദിച്ചു കൂടാ…നാം അജയ്യരാകണം..നാം മരണമില്ലത്തവരാകണം..നാം ഇന്ദ്രാദിദേവകളെ മുഴുവൻ കീഴടക്കണം. വിഷ്ണുവും ബ്രഹ്മനും അവർക്ക് സഹായികളാണ്.അതുകൊണ്ട് മഹേശ്വരനെ ഭജിച്ച്അമരന്മാരായി ഇന്ദ്രലോകം കയ്യടക്കി വാഴാനുള്ള വരം വാങ്ങാൻ തുനിയുക തന്നെ""നാലാരട്ടി എടുത്ത് തപസ്സ്:

രാഗം : പുറനീര താളം : ത്യപുട. <u>പദം</u>

തിങ്കൾക്കല ചുടിത്തലയിൽ ചന്തത്തൊടു ചെഞ്ചിട കെട്ടി

ഗംഗാനദിയെ കബരിച്ചുരുൾ തന്നിലെടുത്തമരും ദേവൻ

ചുടലക്കളമതിലെ വെണ്ണീറുടലിലണിഞ്ഞതി മോദിതനായ്

ഇടതുകരം തന്നിൽ ഡമരുവിലഡികിണതോം താളമുതിർത്തോൻ

മറിമാൻപിട പെറ്റൊരുമാൻകുഞ്ഞിനെ മാറൊടു ചേർത്തുപിടിച്ചും

മഴുവും നടുനെറ്റിയിലടയും മിഴിയോടും കാണണമുടനെ

ഇടതുപദം തൂക്കിയുയർത്തി വലതുപദം ഭൂവിലമർത്തി

കാൽകീഴിലമർന്നുകിടന്നൊരപസ്മാരം സ്മേരം തൂകി

അംഗോപാംഗങ്ങളിലൊമ്പതു നാട്യരസം തിങ്ങിവിളങ്ങി

നന്ദിയെഴും മനമൊടു നന്ദി മദ്ദളവും കൊട്ടിയുണർത്തി

ഉരഗഫണം കണ്ഠാരം മൃഗതുകലോ തുകിലായണിയുന്നോൻ

തെളിയണ മടിയനിലുടനടി യൊരു വരമരുളിക്കനിയണമമ്പിൽ

(തിങ്കൾക്കല)

(പദാവസാനം വലതുവശത്ത് ശിവൻ പ്രത്യക്ഷപ്പെടുന്നു. താരകനും ശൂരനും നമസ്ക്കരിക്കരിക്കുന്നു). ശേഷം പദം:

താരകൻ. രാഗം:ആഹരി. താളം:ചെമ്പട

നാഗഫണത്താലിക്കൂട്ടമണി ഞ്ഞുള്ളകഴുത്തിൽ വാസുകി വമിച്ച വിഷപാനത്താൽ
നീലിമയാർന്നകഴുത്തുടയവനേ പരിപാഹി
പ്രാലേയാംശുവിനും ഭാഗീരഥിയാൾക്കും വാഴാൻ മൂർദ്ധാവേകിയ

പിനാക പാണേ നിൻ പദയുഗളേ പ്രണാമമർപ്പിച്ചീടാം ഞാങ്ങൾ

ശൂരപത്മാസുരൻ

അകമെരിഞ്ഞരുളേ നിന്റെ അടിയിണ പണിയുന്നോരെ വെടിയുന്ന ശീലം
ഭവാനൊരുപോതുമില്ലല്ലോ

ക്ഷിപ്രപ്രസാദി ദിദീപുത്രരെകാത്തീടുവാൻ ദീപ്ത നയനാ നീയാണാശ്രയമെന്നും

താരകൻ

<u>ശിവൻ.</u> രാഗം:സൗരാഷ്ട്രം താളം:മുറിയടന്ത

ഭീകര മാരിയിൽ മാലിനടിമപ്പെടാതെ,

ഘോര വരൾചയിൽ ദാഹത്തിനടിമപ്പെടാതെ

ചുഴലിക്കൊടുംകാറ്റിലുലയാതെ പതറാതെ

പഞ്ചാക്ഷരീമന്ത്രമുരുവിട്ടു പഞ്ചാഗ്നീ

നടുവിൽ നിലകൊണ്ടു തപനം നടത്തിയ

താരകാ തുലനം നിനക്കാരു പാർത്താൽ

ശൂരപത്മാ തുലനം നിനക്കാരു പാർത്താൽ

കഠിന തപോബലം മറ്റാർക്കു പാർത്താൽ?

(രണ്ടാം കാലം)

സങ്കോചമോലാതെ ശങ്കയെഴാതെ

എന്തു വരം ഞാൻ നിനക്കു നൽകേണ്ടതു

ചൊല്ലുക ചൊല്ലുക ഞാനതു നൽകിടാം

താരകാ ശൂരപത്മാസുരാ നിശ്ചയം

താരകൻ, ശൂരൻ

മുപ്പാരിനുമുള്ളധിപതിയാകാൻ കെൽപ്പേകുക ഞങ്ങൾക്കു പുരാരേ

അജയ്യനായ് ത്തീരേണം ഞങ്ങൾ മനുജർക്കും ദനുജർക്കും ദേവഗണങ്ങൾക്കും

മൃത്യു ഭവാനുടെയോമൽ പുത്രൻ തന്റെ കരത്താലെന്നൊരു നിശ്ചയ

മുണ്ടാകേണം  ഞങ്ങൾ ചെയ്ത തപസ്സിൻ ഫലമായിന്നുടനെ

കനത്ത താപസികൾക്കുംലഘുതപ മോലുംമാനസിമാർക്കു മൊരാൾക്കും

ശപിച്ചു ഞങ്ങളെ വെണ്ണീറാക്കീടാനായ് ദക്ഷത നൽകരുതേ

ശിവൻ വരം നൽകുന്നു.

(ശിവന്റെ വരം ലഭിച്ച അസുരന്മാർ സ്വർഗ്ഗത്തിൽ ചെന്ന് ഇന്ദ്രനോട് യുദ്ധത്തിനു മുതിരുന്നു)

ശർവ്വൻ തന്റെ വരംലഭിച്ച ദനുജന്മാരും തദാ വാസവൻ

തന്നെ വെന്നമരാവതിക്കുടമയായ്ത്തീരാൻ മദോന്മത്തരായ്

വില്ലും വാളുമെടുത്തുടൽക്കവചവുംകെട്ടിപ്പുറപ്പെട്ടവർ

സ്വർഗ്ഗംപുക്കു സുരേശനോടു കഠിനം യുദ്ധത്തിലേർപ്പെട്ടിതേ

(താരകനും ശൂരനും ദേവലോകത്തു ചെന്ന് ഇന്ദ്രനെ പോരിനു വിളിക്കുന്നു.ഇന്ദ്രൻ വരുന്നില്ലെന്ന് കണ്ട് ഇന്ദ്രസദസ്സിലേക്ക് നേരിട്ട് ചെന്ന് കയർക്കുന്നു)

താരകൻ

സഹസ്രനേത്രനതാകിയ നിന്നുടെ നേത്രമിതഖിലം ശസ്ത്രമതെയ്തു

തകർത്തൊരു കുരുടനതാക്കി ഭവാനെ വലച്ചീടും വലശാസന ഞാനും

ശൂരപത്മൻ

കാമുകിമാരും കാമിനിമാരും ചേർന്നുമനോജ്ഞ രണത്തിൽജ്ജയിക്കും

പോലെളുതല്ല ശൂരനൊടാജിയിലേർപ്പെടുവാനറിയുകനീ മൂഢാ

ഇന്ദ്രൻ

വൃത്രനൊളം വരുമോ താരക നീ വജ്രത്തൊടുസമമോ നിൻ ഖഡ്ഗം

ജംഭനെവെന്നബലിഷ്ഠ കരത്തിനു ശൂരാ നീ ശുനക സമാനൻ

ശൂരപത്മൻ

ഓർക്കുക നീ ഗൗതമനുടെ ശാപം ഒർക്കുകവൃദ്ധനതായൊരു കാലം

ഓർക്കുകരാവണപ വരരൊടു നിതരാം തോറ്റ ചരിത്രവുമിന്നുസുരേശാ

ഇന്ദ്രൻ

സഹസ്രനേത്രൻ സഹസ്രബാണമതൊരൊറ്റ മാത്രയിലെയ്തുഭവാനെ

നുറുക്കിയിക്കുറുനരികൾക്കിരയായ് കൊടുത്തിടുന്നതു കാണുകനീയും.

(ഇന്ദ്രൻ താരകനും ശൂരനുമായിയുദ്ധംചെയ്യുന്നു. തോറ്റോടുന്നു ദാനവർ

ദേവസ്ത്രീകളെകൊണ്ടുപോകുന്നു.)

ഇന്ദ്രൻ വിഷ്ണുവിനെ സ്തുതിക്കുന്നു..

വിഷ്ണോ നീ തുണയേകണം ദനുജരാം ശത്രുക്കളെവെന്നിടാ-

നെന്താണിന്നൊരുപായമെന്നതുമുടൻ ചൊന്നാലുമെന്നോടു നീ

ദേവന്മാരമരാവതിക്കു പുറമേ പോയിട്ടുഭിക്ഷാടനം

ചേയ്തീടുന്നതു കണ്ടു വാഴുവതിനിന്നില്ലേ പ്രഭോ നാണവും

(ഇന്ദ്രൻ ആശരീരീ കേൾക്കുന്നു.)

ദേവന്മാരുടെ വൈരിയാകുമിവരെ കൊന്നീടുവാനിന്നഹോ

ശംഭുപുത്രനു മാത്രമാണൊരധികാരങ്ങൾ കൊടുത്തെന്നതാം

നേരോർത്താമയമാണ്ടിടാതെ ഗിരിശന്നുള്ളിൽ രതീ തൃഷ്ണയെ

തീർക്കാനുള്ളവഴിക്കു നീ സുരവരാ കാര്യങ്ങൾ ചെയ്തീടുക

രംഗം:

സ്വർഗ്ഗം നഷ്ടമതായൊരിന്ദ്രനുമുടൻ ധ്യാനിച്ചു കാമേശനെ

പുഷ്പർത്തു സഖനൊത്തുദേവസവിധം വന്നാനുടൻ മാരനും

ആശ്ലേഷങ്ങൾ പകർന്നു ഹസ്തമതുപോലാതിഥ്യ മര്യാദയും

ചെയ്തോരിന്ദ്രനുരച്ചു മാധുരിയെഴും വാക്യങ്ങളേവം നലം.

(ഇന്ദ്രൻ കാമദേവനെ വരുത്തുന്നു. ഇന്ദ്രൻ കാമദേവനോട്)

പ്രണയാകാരാ പ്രണയകാരകാ പ്രപഞ്ചമഖിലം പ്രണതിഭവാനെ

സുരനാധനുമിഹനമിപ്പുനിന്നെ

നിയതിനിയോഗിച്ചല്ലോ പ്രപഞ്ച നിലനിൽപ്പിന്നായ് നിന്നെ

നിൻപൂങ്കണയേറ്റീടാതൊരുവനു പിതൃപുണ്യ ലാഭമുണ്ടോ

നിന്നെഭജിക്കാതൂഴിയിൽ മാനുഷവംശാവലിയുണ്ടോ

വസന്തനോട്

ഋതുരാജ

കുസുമകിസലയ ഭരിതമതാക്കീ ധരയെ ഭാസുരമാക്കിടുക

പ്രകൃതിതൻസുകൃതിയായ ഭവാൻ കനി-

യായ്കിൽമേദിനി മോദിനിയോ

പരിമളവുംമകരന്ദമധുരവുംചലദളീഝംകാരവും

കിളികൂജനവും ശിഖിനർത്തനവും ഭൂവിൽവിളയാടിടുമോ

ഹൃത്തിൽകത്തുംവ്യാധികവർന്നീടുന്നുമനശ്ശാന്തി

ആപദ്ക്കാലത്താശ്രയമരുളും തോഴൻ സത് സഖനല്ലോ.

കാമൻ:

ആരു തരുന്നഹിതം സുരനാഥാ ചൊല്ലുക വിരവോടെ

ഇളം കരിമ്പുകുലച്ചൊരു വില്ലിൽ മാമ്പൂവമ്പു തൊടുത്തെയ്താലതു

തടുക്കുവാൻ മിടുക്കുകാട്ടുന്നവനാരെന്നോതുകനീ

ശിഞ്ജിനി യാളുംഭംഭരനിരകളുതിർക്കുംഝംകാരങ്ങൾ തീർക്കും

നൊമ്പരമാളുംമതിയിൽ താമരസായകമേറ്റാൽ തളരാത്തവനോ

കാമശരത്താൽ മോഹമുണർത്തി കാമിതസുഖവലയിൽവീഴ്ത്തേണ്ടതു

ഹരിയേയോ വിധിയേയോ ശതമഖമൻപൊടുചെയ്വൊരു രാജ്ഞനെയോ

ചൊൽക വിരക്തനതായി ഹിമാദ്രിയിൽ വാണരുളീടും ഹരനേയോ

ഇന്ദ്രൻ കാമദേവനോട്

മമ മാനസമറിവായതു നീ മത്സഖനായതുമൂലം

ധ്യാനനിമഗ്നനതായ് വാഴും ദുർജ്ജടിയുടെ ഹൃത്കമലത്തിൽ പ്രണയ-

ത്തിൻമകരന്ദം നിറയാൻ നീ കനിയേണം മദനാ വിധുവദനാ.

പർവ്വത രാജ കുമാരിയവൾ വൃഷഭാസനപുഷ്പാർച്ചന ചെയ്യുമ്പോൾ

പിക വാഹനനായ് ഋതുരാജനുമൊത്തവിടെചെന്നലർ ബാണം ഹരനുടെ
ഹൃത്തടമതിലേക്കെയ്തുമനോജ്ഞ മദാന്ധനതായ് തീർത്തീടേണം.

ഇന്ദ്രൻ വസന്തനോട്.

മഞ്ജരിയാൽ തരു വല്ലരികൾവെൺ ചാമരമതുവീശീടേണം

പരഭൃത ഗാനാലാപനമോടാ വെൺമല സതിർമണ്ഡപമാകേണം.

ഇന്ദ്രൻ കാമദേവനോട്

ഗൗരീ മൃണാളപാടല പാണിയെടുത്തു പിനാകിമുകർന്നീടേണം

ഉമാഹരന്മാർക്കമൃതസമാനമൊരുണ്ണിപിറന്നീടായ് വേണം

സുരസൈന്യാധിപനായവനെന്നുടെ വൈരീനിഹനംചെയ്യേണം.

കാമൻ

ഫാലനേത്ര മാനസത്തിലംബുജാസ്ത്രമെയ്തുകാമ–

തൃഷ്ണതീർത്തിടാൻ എനിക്കുവെമ്പലായഹോ

നീ വസന്ത നൽസുഗന്ധ സൂനജാലമാവനാഴി

തന്നിലിന്നുപൂർണ്ണമായ് നിറച്ചിടേണമേ

തെന്നലിന്നുചന്ദനക്കുളിർമണംകലർന്നു ശംഭു

വാണിടും ഗിരിക്കുചുറ്റുമായ് ലസിക്കണം

കേതകീ കുരവകാദിസൂനവൃഷ്ടിയാൽ പ്രമോദ

മാകണം തുഹിനശൈല താഴ്വരകളും.

മോദമായ് മയൂരനർത്തനംകലർന്ന മൈഥുനങ്ങ

ളാ ഗിരീതടത്തിലിന്നു കാഴ്ച വക്കണം.

പുഷ്പതാലമേന്തി ഗൗരീ ശംഭുതന്നടുക്കലേക്കു

വന്നണഞ്ഞിടുന്ന മാത്ര താമരക്കണ

ഒന്നെടുത്തയച്ചതേറ്റ ശംഭുതൻ മിഴിയിലും മ-

നസ്സിലും മനോജ്ഞമോഹമിന്നുകണ്ടിടാം.

പാർവതി

ഗംഗാനായകനെ ത്തനിക്കു പതിയായ് കിട്ടേണമെന്നുള്ളൊതാ

മുള്ളിൽ കത്തിയമോഹവഹ്നിയതിനാൽ ഗാത്രം തപിച്ചീടുമാ
മഞ്ഞിൻ മാമല തന്റെ പുത്രിയവളന്നീശൻ വസിച്ചീടുമാ
കുന്നിൽ വന്നു ശിവന്നു പൂജയതു ചെയ്തീടാൻ തുനിഞ്ഞായിതേ.

വാമദേവൻതന്റെവാമഭാഗമായ് ത്തീർന്നിടാനുള്ള
ഭാഗ്യമിന്നേകണം നീലകന്ധരാ നീയും.
അമ്പിളിത്തെല്ലഴകിൽ തൻ ചെഞ്ചിടക്കുള്ളലങ്കാര
മാക്കിയപുമാനെനിക്കു കാന്തനാകേണം
ഘോരസർപ്പങ്ങളെ ദേഹ ഭൂഷണമാക്കിയ നിന്റെ
പാദസേവക്കനുവാദ മിന്നു നൽകേണം.
കാളകൂടവിഷംതീണ്ടും കന്ധരം തന്നിലെൻ പ്രേമ
ലാളനങ്ങളേറ്റു വാങ്ങാൻ നീയുണരേണം.
വ്യാഘ്രചർമ്മമെടുത്തുനിന്നുരസ്സിൽ ഭസ്മലേപനം
ചെയ്തിടാനംഗുലികൾക്കിന്നേകണം പുണ്യം
ഫാലദേശത്തെഴും വഹ്നിലോചനത്തിൽ കനൽക്രോധം
പ്രേമപീയൂഷമായ് നിത്യം പെയ്തൊഴിയേണം.
കൺതുറന്നുകടാക്ഷിപ്പാൻ കൈതുറന്നുപുണരുവാൻ
പാതിമെയ്യായ് തീർത്തിടാൻ നീ താമസിക്കൊല്ല.
ശങ്കരാ നിന്നെ ലഭിക്കാതുള്ള ജന്മം വൃഥാവിലെ
ന്നറിവുള്ളനീയുമെന്തേ കനിയാഞ്ഞുള്ളൂ

വടു

പാർവതീ ഒന്നോർക്കുകനീ പാടേ മറന്നിടാതെ നിന്നെ
തന്തക്കാളപ്പുറമതിലേറി സവാരി നിനക്കായിടുമോ?
ഗജാജിനത്താലുടലു പുതച്ചു നടക്കാനായിടുമാ
ഗംഗാനദിയുടെ സപത്നിയായ് കഴിയേണ്ടവളാണോ നീ
അഹിദംശനമേൽക്കാതിവനുടെ സഹശയനത്തിനു പഴുതുണ്ടോ
ഭഗാലമേന്തി ബ്ഭഗാലി യോടൊത്തലഞ്ഞു നടന്നിടാനോ?
സന്ധ്യകളിൽചുടലച്ചാമ്പലണിഞ്ഞായിടുമോ നർത്തനവും
ഭൂത പ്രേതപിശാചുകളൊത്തുവസിക്കാൻ ഭയമില്ലേ
പർവ്വത രാജകുമാരി നിനക്കിവനല്ല നല്ല വരൻ

പാർവതി

നിർത്താം വാഗാടോപമിതഖിലം വന്ദ്യ വയോധികാ നിൻ

ഒരുവാക്കിങ്ങുരിയാടാതുടനടി പോകാം ഭവാനുമുടനെ
നിന്നെ കാണുന്നതു കണ്ണിനു മരിചം പോലാകുന്നു പിന്നെ
കേൾക്കുന്നതു ഹരനിന്ദയതെങ്കിൽ കാതിനു ശൂല സമം
ഒരു നിമിഷം നിൽക്കരുതിവിടെ പരദൂഷണ ചതുരൻ നീ
പവിത്ര ഭൂതലമിതിനെ കളങ്കമയമാക്കീടൊല്ലേ.
(വടുവിനെ പറഞ്ഞയക്കുന്നു)
പൂജക്കുള്ളൊരു കൂവളത്തിലകളും മന്ദാര സൂനങ്ങളും
കൈക്കൊണ്ടാ കുളിരാദ്രി നന്ദിനിയവൾ ശർവ്വന്റെ തൃപ്പാദവും
കുമ്പിട്ടൻപൊടു പുഷ്പ വൃഷ്ടിയതിനായ് നീങ്ങുന്നനേരം സ്മരൻ
താരമ്പൊന്നു തൊടുത്തുവിട്ടു ഹരനിൽ കാമം തളിർത്തീടുവാൻ

ധ്യാനം പൂണ്ടമനസ്സിലിന്നു പതിവായില്ലാത്ത കാമംസ്ഫുരി-
ച്ചീടാനെന്തു നിദാനമെന്നു ശിവനും ചിന്തിച്ചനേരം മനോ
ജാതൻ പാത്തു പതുങ്ങിനിൽക്കുവതുകണ്ടാളുന്ന കോപത്തൊടാ
രോഷാക്ഷിക്കനലിൽ കരിഞ്ഞു മദനൻ തന്നാഭയാളും തനു

കാന്തൻ തന്റെ ജഡം കരിഞ്ഞു ധരയിൽ വീഴുന്നതും കണ്ടവൾ
സന്താപത്തൊടു വീണുഴന്നു മിഴിനീർ ധാരാംഗിയായീരതി
തീർത്തും ദുഖമെഴാതെ വാണിടുമൊരാ ഫാലാക്ഷനോടന്നവൾ
ക്രോധം പൂണ്ട ശുചം കലർന്നു വിവശം കേണേവമോതി ഗിരം

(കാമദേവന്റെ ശരീരം കത്തിയതിനു കാരണമായി രതീദേവി ഓടിവന്ന് വിലപിക്കുന്നു)
രതി
മദനാ വിധു വദനാ പ്രമഥാധിപനീ മൂഢനും
രതിഭാവമതില്ലാത്തൊരു ഭവനെന്നറിവീലേ
കരുണാലവമില്ലാത്തൊരു ഹരമാനസതാരിൽ
പ്രണയാഗ്നി കൊളുത്തും യത്നത്തിനു പ്രതിലാഭം
നിടിലാഗ്നിയിലൊരു കൈപ്പിടി വെണ്ണീറായീടാൻ
വിധി ഞാനൊരു വിധവാംഗന യാകാനുമതത്രേ.
സതിതന്നുടെ ഭഗിനി രതിയെന്നെ മറന്നായോ
സതിയൊത്തുരു രതി ലാലസ നർമ്മം വിസ്മൃതമോ
നിൻ ഉള്ളം മദനക്കടലായീടിന കാലം

ഓർക്കാൻ മടിയാകുന്നതെനിക്കിന്നറിവായി

തരിക മമ പതിയിവനെ യുടലോടു കൂടെ

അരുതെങ്കിലീ ഭുവനമഖിലവും പ്രണയാ

തീതമായ്തീരുവതു കണാം ഭവാനും.

രതിഹീനമാം ഹൃദയ മാളും ധരിത്രി..

(രതി ആശരീരി കേൾക്കുന്നു)

വിധിനിയതമാണുരതി നിൻ പതി വിനാശം

ഇവനിനി ജനിക്കുവതു കൃഷ്ണസുതനായി

പ്രദ്യുമ്നനെന്ന രുചിരാംഗൻ നിനക്കും

പതിയായ് ജനിക്കുവതു വരെ നീ ക്ഷമിക്ക

രംഗം

പാർവതി

കാമം കത്തിയെരിഞ്ഞ ചിത്തമുടയോൻ തന്നേ വരിച്ചീടുവാൻ

യത്നിച്ചീടുകയില്ല ഭൂമിയിതിലിന്നാകില്ല വാണീടുവാൻ

മോഹിച്ചുള്ളപതിക്കുവേണ്ടി സകലം ഹോമിച്ച തനംഗിയാൾ

എന്നുള്ളാ ബിരുദങ്ങളേന്തിയുമയെ ഗംഗക്കു നൽകുന്നിതാ

രാഗം:പുന്നാഗ വരാളി

വാഞ്ഛ ലഭിക്കായ്കിൽ പുനരെന്തിനു

വാഴ്‌വീ ഭൂവിൽ ശംഭോ

കാമനനംഗനതായിഭവിപ്പാൻ കാരണമായവളാണഹമിന്നു

സതിയുടെ ഭഗിനീ വൈധവ്യത്തിനു കാരണമായ്ത്തീർന്നവളും ഞാനേ

നിൻ ഹൃദയത്തിനശാന്തി കൊടുത്തിനി വേണ്ടാ ജീവിതമുമക്കു മേൽ

ഭഗ്നാശയഹം ഭാഗീരഥിയിൽ ജീവനുപേക്ഷിക്കുന്നൂ ശംഭോ.

നിനക്കു പൂജാദ്രവ്യമതായി ക്കൊടുക്കുവാനീ ജന്മം മാത്രം.

(സതി ഗംഗയിൽ ചാടി മരിക്കുവാൻഎന്നതു പോലെ സ്റ്റൂളിൽ നിന്നുകൊണ്ട് താഴേക്ക് ചാടാൻ ഒരുങ്ങുന്നു. ശിവൻ താഴെനിന്ന്രണ്ടു കൈകൾ കൊണ്ടും താങ്ങി എടുക്കുന്നു. മോഹാലസ്യയായ പാർവതിയെ അരങ്ങിൽ കൊണ്ടു കിടത്തുന്നു.)

ശിവൻ

എന്നർദ്ധാംഗനയാണു നീ പുനരെനിക്കെന്താണു ശങ്കിക്കുവാൻ

നിന്നേയീ മരണാഭിവാഞ്ഛയതിൽ നിന്നെന്നേക്കുമായ് ത്രാണനം

ചെയ്തീടാൻ പുനരെന്റെ വാമവധുവായ് നിന്നെ പ്രതിഷ്ഠിച്ചിടാൻ

നിന്നന്തർഗത വാഞ്ഛയായി ഭുവനം തന്നെ ത്രസിപ്പിച്ചിടാൻ

പ്രാലേയാദ്രി സുതേ നിനക്കു മരണം നൽകില്ല ഞാനിന്നഹോ
പ്രാലേയ ക്കുളിരാംഗി നീ മൃഢമനക്കാമ്പിന്നു പീയൂഷമായ്
ത്തീർന്നായിന്നു മനസ്വിനീ തവപിതാവായുള്ള മഞ്ഞിൻ മലാ
നാഥൻ തന്നൊടു പുത്രി നിന്റെ വരണത്തിന്നർത്ഥനം ചെയ്യുവൻ.

പാർവതി.

തുഹിന കര മുടി യലങ്കാരാ ഗംഗാ ജലധാരയൊഴുകിന
ചെഞ്ചിടാ ചൂഡാ
ഞാനില്ല നീയെനിക്കില്ലായ്കിലോ
നീയില്ല ഞാൻ നിനക്കില്ലായ്കിലോ
ഞാനാം വിപഞ്ചിക മൂകം തവ പേലവാംഗുലീ സ്പർശ മേൽക്കായ്കിലോ
ശക്തി ഞാനെങ്കിലും നിന്നോടനുരാഗ ബന്ധിനി യാകയാൽ ദുർബ്ബല ഞാൻ
ഭസ്മാംഗിതമാം വപുസ്സിലപർണ്ണയെ സ്ഥാപിച്ചിടാനിനി വൈകരുതേ.
പാവന ഹൃത്തിലൊരിടമെനിക്കു നൽകീടാനിനിയും മടിക്കരുതേ
കാളസർപ്പങ്ങളും കാളകൂടങ്ങളും പ്രളയാഗ്നിയും പ്രളയാംബുവും നിന്നുടെ
മേനിയിൽ സൗമ്യങ്ങളാകുന്ന പോലെനിക്കാകേണമെന്നൊരു വാഞ്ഛയഹോ.

ദണ്ഡകം

വൈരാഗ്യ ബോധമതു മാറിത്തെളിഞ്ഞമനമാണ്ടോരു ശങ്കരനു ഭാവേ
പ്രേമവുമുണർന്നൂ കാമനവളർന്നൂ..
തുഹിന ഗിരി നാഥനുടെ അനുമതി ലഭിപ്പതിനു നന്ദീശ്വരൻ തദനു ചെന്നൂ.
പ്രാലേയ പർവത/രചൻതന്റെ മാനസമറിഞ്ഞോടിയെത്തി യവനേറ്റം
മോദമുളവാക്കി ലേഖനമതേകി
വെള്ളിമലവാസനു മിണങ്ങുന്നൊരാഭരണമായെത്തി വിശ്വകർമ്മാവും

ശർവ്വനോളം കാന്തിയുണ്ടായിടാൻ പാർവതിക്കേകി ഭാർഗ്ഗവി മനോജ്ഞ്യം
ധവളമുടയാട കനകമണിമാല
ശിൽപി മയകൃത രുചിര പരിണയമണിപ്പന്തലതിലേറി പാർവതിയുദാരം

വാണി വിപഞ്ചികയിലാവർത്തനം തീർത്ത നാദസ്വരാരവമതേറ്റം
മേളമുളവാക്കീ മോദമുളവാക്കീ
ശചിയുമഥ മേനകയുമനസൂയയും കമലമകളൊത്തു സ്വരജതികൾ പാടി

തുഹിനാദ്രി നാഥകരമൻപിൽ ഗ്രഹിച്ചു നിജ മാതാവുമൊത്തു മൃദുലാംഗി

മണ്ഡപമതേറി മഞ്ജിമയതേറി

സുന്ദരകളേബര സുകന്ധരമതിൽ കുസുമ മാല്യമതു ചാർത്തി ഗിരി പുത്രീ

വിദ്യാധരാദികളുതിർത്തുള്ള വാദ്യരവമാകാശ സീമകൾ പിളർന്നു

പൂമഴയുതിർന്നു പരിമളമുതിർന്നു

പരമശിവനുൾക്കമലമതിലൂർന്നമകരന്ദ മനുരാഗമായ് പ്പൊലിമയാർന്നു.

കാമന്റെനേർത്തു പാഞ്ഞുള്ളാറു തീപ്പൊരീ പതിച്ചപൊൻ താമരക്കുള്ളിൽ

ഉദയരവിപോലെ ഷൺമുഖനുദിച്ചൂ

അമരകുല സേനയുടെപ്രബലപതിയായവനെ യഭിഷേകവും ചെയ്തുശക്രൻ.

പാർവതി

ആറമ്മമാരുടെയമ്മിഞ്ഞയും നുകർന്നാറു മുഖങ്ങളിലാനന്ദ സുസ്മേര

ചന്ദ്രികപ്പാലാഴി തൂകിയി കൈലാസ സാനുവിൽ ഞായറിന്നാറുമുദിച്ചോ

വില്ലും ശരങ്ങളും വേലും പരിചയു മേന്തിയ ദ്വാദശ ബാഹുക്കളിൽ ജയ

ചിഹ്നമൊന്നുണ്ടു വിളങ്ങിയിതു കണ്ടൊരാനന്ദ ചിഹ്നമെന്നുള്ളിൽ തെളിഞ്ഞഹോ

സുബ്രഹ്മണ്യൻ

(യുവാവായ സുബ്രഹ്മണ്യൻ ശിവന്റേയും പാർവതിയുടേയും സമീപത്തേക്ക് വരുന്നു)

ശർവ്വൻ തന്റെ കടാക്ഷവഹ്നിയതിൽ നിന്നുണ്ടായ ഷാൺമാതുരൻ

കൗമാരം കലചേർത്തദേഹമൊടു തൻ മുഗ്ധാംഗ രംഗത്തൊടും

കുന്നിൻ നന്ദിനി യൊത്തു വാണിടുമൊരാ മൃത്യുഞ്ജയൻ തൻ പദേ

കുമ്പിട്ടൻപൊടനുഗ്രഹങ്ങളതു വാങ്ങീടാൻ വണങ്ങീടിനാൻ

സുബ്രഹ്മണ്യൻ

ചിത്രഭാനു നേത്രാന്തർഗതനാം തവ പുത്രനുടെ പ്രണാമങ്ങൾ

രുദ്രാ നിന്റെ വലംകയ്യായീരാറു കരങ്ങൾ കൂപ്പുന്നു തേ

മൃഡാനി നിൻ മൃദുപാണിതലത്താൽ അനുഗ്രഹിക്കണമെന്നെ

നിനച്ചിടുന്ന വരം നൽകുവതിനു സമർത്ഥയല്ലോ നീ

എന്തു നിവർത്തിച്ചീടണമിന്നു നിയോഗിച്ചീടണ മുടനെ

ശിവൻ സുബ്രഹ്മണ്യനോട്

ഷഡാനനാ മമ നിടിലാഗ്നിയിലുയിരാണ്ട മഹാതേജോമയ കേൾ
മൃഡാനി തന്നുടെ മൃഡനം കൈക്കൊണ്ടുടനേ ചെല്ലുക പടക്കു നീ
താരക ശൂരാഖ്യന്മാരായിടുമസുരന്മാർ അമരേശനു മാരക-
മാകുന്നവരെയെതിർത്തുടനേ ജയമാണ്ടുടനണയുക നീ മകനേ

വരുണനുമരുണനുമദിതീസുതനുമുപേന്ദ്രനുമേകിയ ശസ്ത്രമെടുത്താ
മയിലേറിച്ചെന്നുടനേ ചെന്നു വധിച്ചീടണമവരെ
സുബ്രഹ്മണ്യൻ
അഖില ജഗത്തിനു മധിപതിയായ മഹേശാ വിധിഹരീ പൂജിതാ
ജനകാ ഞാനിത ചെന്നാ രാക്ഷസ വൈരികളെ കൊന്നോടിവരാം
വസുധയിലാധി വിതച്ചുനിണപ്പുഴ തീർക്കുവരോടിനി യില്ലാ കനിവും
കഠിനാസ്ത്ര പ്രഹരത്താലവരുടെ കാലാവധി ഞാൻ തീർത്തിടുമുടനെ
നീലിമ കോലും മയിലേ ചിറകു വിടർത്തുക യെന്നെവഹിച്ചീടുടനെ
നീല മയൂഖ വിതാനത്തേക്കു പറന്നവിടേക്കു ഗമിക്കുക നീ

ഭൂവിൽ തിന്മവിതച്ചു ദേവ വനിതാവൃന്ദത്തെയെല്ലാം സുഖി-
ച്ചേറ്റം വാനവ നിന്ദയും ദുരിതവും ചെയ്തീടുമാ ദൈത്യരെ
വില്ലും വാളുമനേകശസ്ത്രനിരയും കൈക്കൊണ്ടു വെന്നീടുവാൻ
തേരിൽച്ചെന്നു വിളിച്ചു പോരിടുവതിന്നായിട്ടു വേലായുധൻ

മനുജന്മാർക്കമരന്മാർക്കുമധിക മാധികൊടുത്തു മദിച്ചു വസിക്കും
അസുരന്മാരെ കാലയവനിക പിടിച്ചതിലോടിയൊളിക്കുക നിങ്ങൾ

കരബലവും വരബലവും ശരബലവും തനുബലവും ചേർന്നവരോടട
രാടാൻ മനോബലം മതിമതിമതി പോരാത്തതിനു കരുത്തനഹം

വേലെടുത്തു വാളെടുത്തു വില്ലെടുത്തു പാഞ്ഞടുത്തു പോരടിച്ചു തവ
ജീവിതത്തിനന്ത്യമാശു നൽകിടുന്നതുണ്ടു ഞാനറിഞ്ഞിടുമുടനെ
(താരകനും ശൂരനും യുദ്ധത്തിനു വരുന്നു.)
താരകൻ
കുലച്ച ധനുസ്സുമെടുത്തു മദിച്ചു പെരുത്തരണത്തിനടുത്ത നിന്നെ
കരുത്തശരമുനയിൽ കൊരുത്തു നഭസ്ഥലത്തു

പറക്കും കഴുകന്മാർക്കു ഭോജ്യമതാക്കും

കുമാരൻ

കരുത്തു നടിച്ചു മനസ്സു പിടച്ചു തെറുത്തു പറഞ്ഞ വചസ്സു നമുക്കു

മനസ്സിലുറഞ്ഞ രോഷ രുധിരം തിളച്ചു മറി-

ഞ്ഞുടനെ വധിപ്പൻ നിന്നെ ശൂരപത്മാവേ

ശൂരപത്മൻ

ഹരന്റെ മകന്റെ കരത്തിലമർന്നു മരിക്കു വതിന്നു വരത്തെ ലഭിച്ചു

മതിയിലാമോദത്തോടു മദിച്ചുകഴിയുവോരെ

വധിച്ചീടാനാരു നീയും ശരവണനോ

ശരവണനായീടിലുമരവണനായീടിലും അനഘജനങ്ങൾക്കതി ദുരിതമേകും

ദാനവന്മാരെ നിങ്ങടെജാതകം കുറിച്ചൊരന്ത്യ

കാലമായി പോകാനായിട്ടൊരുങ്ങീടുക

യുദ്ധത്തിൽ താരകനേയും ശൂരപത്മാവിനേയും വധിക്കുന്നു.

**********************************************************************************************